തിരുവനന്തപുരം-മ്യൂസിയം മൃഗശാലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

160 [3861] *ശ്രീ. പി. നാരായണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മ്യൂസിയം മൃഗശാലാ വകുപ്പിൽ കഴിഞ്ഞ 3 വർഷമായി എത്ര തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കാതെ പുതിയ പദ്ധതികൾ ആരംഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മ്യൂസിയത്തിലെ സ്ഥിരം ജീവനക്കാരെ ഡയറക്ടർ ബുദ്ധിമുട്ടിക്കുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) മൃഗങ്ങളുടെ പഴയകൂടുകൾ പെയിന്റടിച്ച് പുതിയതിന്റെ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 402.87 ലക്ഷം രൂപ.

(ബി) ഇതു സംബന്ധമായി ഒരു പരാതി ലഭിച്ചതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

പുരാവസ്തു വകുപ്പിന്റെ ലൈബ്രറി

161 [3862] *ശ്രീ. പി. സി. ജോർജ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ ലൈബ്രറിയിലെ വിലപ്പെട്ട പുസ്തകങ്ങളും പുരാവസ്തു സാമഗ്രികളും നഷ്ടപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത വീഴ്ചയ്ക്ക് ഉത്തരവാദി ആരാണെന്നും ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) പുരാവസ്തു വകുപ്പ് ഇതുവരെ എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കി എന്നു പറയുമോ;

(ഡി) ഇതിൽ വിൽപ്പനയ്ക്കുള്ളതെത്ര എന്ന് അറിയിക്കുമോ;

(ഇ) പ്രസിദ്ധീകരണങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കാതെ കെട്ടിക്കിടന്ന് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസിദ്ധീകരണങ്ങളുടെ സംരക്ഷണത്തിലും വിൽപ്പനയിലും വീഴ്ച വരുത്തിയിട്ടുള്ളതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(ജി) അനാസ്ഥ കാരണം മറ്റ് സ്ഥാപനങ്ങളുടെ പേരിലുള്ള വെള്ളക്കരകുടിശ്ശിക പുരാവസ്തു വകുപ്പ് അടച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1978 മുതൽ 1987 വരെ പുരാവസ്തു വകുപ്പ് ഡയറക്ടറായിരുന്ന ശ്രീ. കെ. മഹേശ്വരൻ നായർ സ്വന്തം ആവശ്യത്തിനെടുത്ത പുസ്തകങ്ങൾ അദ്ദേഹത്തിന്റെ മരണശേഷവും തിരികെ ലഭിക്കാതിരുന്ന സാഹചര്യത്തിൽ സർക്കാർ അത് എഴുതിത്തള്ളി. 1993-ൽ തൃപ്പൂണിത്തുറ ഹിൽപാലസിൽ നിന്നും 1994-ൽ പദ്മനാഭപുരം പാലസിൽ നിന്നും നഷ്ടപ്പെട്ട പുരാവസ്തു സാമഗ്രികളെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും ഉത്തരവാദികളെ കണ്ടെത്താനായില്ല.

(സി) 17 എണ്ണം.

(ഡി) 12 പ്രസിദ്ധീകരണങ്ങൾ

(ഇ) പ്രസിദ്ധീകരണങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്ന സ്ഥിതി ഉണ്ടായിട്ടില്ല.

(എഫ്) സംരക്ഷണത്തിലും വിൽപ്പനയിലും ഒരു വീഴ്ചയും വന്നിട്ടില്ല.

(ജി) മറ്റ് സ്ഥാപനങ്ങളുടെ പേരിലുള്ള വെള്ളക്കര കുടിശ്ശിക പുരാവസ്തുവകുപ്പ് അടച്ചിട്ടില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

നക്ഷത്ര ചിഹ്നമിടാത്ത 3723, 3729, 3736, 3758, 3811, 3816, 3832, 3836 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly